**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ. 4274**

**19.10.2011-ൽ മറുപടിയ്ക്ക്**

# പി.എം.ജി.എസ്.വൈ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.റ്റി.എ. റഹീം | ശ്രീ.കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ. പി.എം.ജി.എസ് .വൈ പദ്ധതിയിൽ ഏറ്റെടുക്കുന്ന റോഡുകളുടെ നിബന്ധന എന്തെല്ലാമാണ് ; | എ. പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ഗ്രാമപ്രദേശങ്ങളിൽ മെച്ചപ്പെട്ട റോഡിൽ നിന്നും 500മീറ്ററിലധികം ചുറ്റളവിൽ ഒറ്റപ്പെട്ടുകിടക്കുന്ന 500-ൽ അധികം ജനസംഖ്യയുള്ള ആവാസകേന്ദ്രങ്ങളെ ബന്ധിപ്പിക്കാനുള്ള പുതിയ റോഡുകൾക്കാണ് മുൻഗണന. കുന്നിൻ പ്രദേശങ്ങളിൽ ഈ ദൂരം 1.5 കി.മീ. ആയി നിജപ്പെടുത്തിയിട്ടുണ്ട്.<br><br>2. പുതുതായിനിർമ്മിക്കാനുദ്ദേശിക്കുന്ന റോഡ് ഈ പദ്ധതിയുടെ അടിസ്ഥാന രേഖയായി തയ്യാറാക്കിയുട്ടുള്ള കോർനെറ്റ്വർക്കിന്റെ ഭാഗമായിരിക്കണം. (നിലവിലുള്ള റോഡുകളുടെയും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള റോഡുകളുടെയും മാപ്പിംഗ്)<br><br>3. കൂടുതൽ ആളുകൾക്ക്/ആവാസ കേന്ദ്രങ്ങൾക്ക് പ്രയോജനം കിട്ടുന്ന റോഡുകൾക്ക് മുൻഗണന.<br><br>4.ഈ പദ്ധതിപ്രകാരം ഏറ്റെടുക്കുന്ന റോഡുകൾക്ക് കേന്ദ്രസർക്കാർ നിഷ്ക്കർഷിക്കുന്ന 6 മുതൽ 7.5 മീറ്റർ വരെ വീതി ഉണ്ടായിരിക്കണം. ആയതിന് ബന്ധപ്പെട്ട ബ്ലോക്ക്പഞ്ചായത്തിന്റെ **സാക്ഷ്യപത്രം** പദ്ധതിയോടൊപ്പം സമർപ്പിക്കേണ്ടതാണ്. |

5.ഈ പദ്ധതി • പ്രകാരം നിലവിലുള്ള റോഡുകളുടെ പുനര ുദ്ധാരണത്തിനായി ഏറ്റെടുക്കുന്ന റോഡുകൾ പഞ്ചായത്തിന്റെ അധീനതയിലുള്ളതായിരിക്കണം. നിശ്ചിത റോഡിന്റെ പേവ്മെന്റ് സൂചിക രണ്ടോ അതിൽ താഴെയോ ആയിരിക്കണം.

| | | | |
|---|---|---|---|
| ബി. | കഴിഞ്ഞ 5 വർഷക്കാലയളവിൽ ഓരോ വർഷവും സംസ്ഥാനം ഉപയോഗപ്പെടുത്തിയ സംഖ്യ എത്രയെന്ന് വ്യക്തമാക്കാമോ ; | ബി. | **കഴിഞ്ഞ അഞ്ച് വർഷം സംസ്ഥാനം പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ചെലവഴിച്ച തുകയുടെ വിശദവിവരം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.** |
| സി. | എത്ര റോഡുകളുടെ പ്രവൃത്തിയാണ് ഈ കാലയളവിൽ ഏറ്റെടുത്തത് ; | സി. | **കഴിഞ്ഞ അഞ്ച് വർഷം സംസ്ഥാനത്ത് പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം അനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദ വിവരം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.** |
| ഡി. | മാനദണ്ഡങ്ങളിൽ ഇളവു വരുത്തി അവസാനമായി പുറപ്പെടുവിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ ? | ഡി. | **പി.എം.ജി.എസ്.വൈ.-യുടെ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി പുതിയ ഉത്തരവുകളൊന്നും ലഭ്യമായിട്ടില്ല.** |

**സെക്ഷൻ ഓഫീസർ.**

## അനുബന്ധം - I

[illegible]

| വർഷം | ലഭിച്ച തുക കോടി രൂപയിൽ |
|---|---|
| 2006-07 | 21.59 |
| 2007-08 | 62.28 |
| 2008-09 | 84.41 |
| 2009-10 | 114.570 |
| 2010-11 | 78.610 |
| **Total** | **361.46** |

സെക്ഷൻ ഓഫീസർ

അനുബന്ധം - II

| വർഷം | അനുമതിലഭിച്ച റോഡുകളുടെ എണ്ണം | പൂർത്തീകരിച്ച റോഡുകളുടെ എണ്ണം | പൂർത്തീകരിച്ച റോഡുകളുടെ നീളം കി.മി |
|---|---|---|---|
| 2006-07 | 322 | 198 | 440.50 |
| 2007-08 | 0 | 0 | 0 |
| 2008-09 | 200 | 99 | 275.25 |
| 2009-10 | 0 | 0 | 0 |
| 2010-11 | 220 | 0 | 0 |
| **Total** | **742** | **297** | **715.75** |

സെക്ഷൻ ഓഫീസർ